# മഹാത്മാഗാന്ധി സർവ്വകലാശാല

## (സംഗ്രഹം)

യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റുകളിലെ എസ്.സി/എസ്.ടി വിദ്യാർത്ഥി വിദ്യാർത്ഥിനികളിൽ നിന്നും ഹോസ്റ്റൽ വാടക ഈടാക്കുന്നത് ഒഴിവാക്കുന്നത് സംബന്ധിച്ച് - 2017 ജൂൺ 5-ാം തീയതി രാവിലെ 11-ന് സിൻഡിക്കേറ്റ് ഹാളിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ (17.07) ഇനം നമ്പർ: 209/17.03/171335 തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഭരണവിഭാഗം ബി-VII സെക്ഷൻ**

നം.3456/എഡി.ബി VII/2017/ഭരണവിഭാഗം തീയതി, പി.ഡി.ഹിൽസ്, 08.06.2017

---

പരാമർശം:- 1) യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ 2006-ലെ മാർഗ്ഗനിർദ്ദേശങ്ങൾ

2) 2017 ജൂൺ 5-ാം തീയതി രാവിലെ 11.00 ന് സിൻഡിക്കേറ്റ് ഹാളിൽ ചേർന്ന സിൻഡിക്കേറ്റ് യോഗത്തിന്റെ (17.07) നടപടിക്കുറിപ്പുകളുടെ എക്സ്ട്രാക്റ്റ്

## ഉത്തരവ്

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷൻ 2006-ൽ പുറപ്പെടുവിച്ചിട്ടുള്ള പരാമർശം (1) മാർഗ്ഗ നിർദ്ദേശങ്ങളിലെ ഖണ്ഡിക 11-ൽ പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥി വിദ്യാർത്ഥിനികളിൽ നിന്ന് സർവ്വകലാശാലകൾ ഹോസ്റ്റൽ വാടക ഈടാക്കുന്നത് ഒഴിവാക്കണമെന്നും ഖണ്ഡിക 5-ൽ ടി വിഷയവുമായി ബന്ധപ്പെട്ട് അതാത് യൂണിവേഴ്സിറ്റികളുടെ അധികാര കേന്ദ്രങ്ങൾ ഉചിതമായ തീരുമാനം എടുത്ത് നടപ്പിലാക്കണമെന്നും നിർദ്ദേശിച്ചിരിക്കുന്നു.

യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മീഷന്റെ ടി നിർദ്ദേശമനുസരിച്ച് സർവ്വകലാശാലയിലെ പട്ടിക ജാതി, പട്ടികവർഗ്ഗ വിഭാഗത്തിലെ വിദ്യാർത്ഥികൾ ഹോസ്റ്റൽ വാടക ഇനത്തിൽ യൂണിവേഴ്സിറ്റി യിൽ നേരിട്ട് അടയ്ക്കുന്നത് ഒഴിവാക്കുന്നതിനും ഈ ഇനത്തിൽ വരുന്ന തുക ഇ-ഗ്രാന്റ്സ് മുഖേന അതാത് പഠനവകുപ്പ് മേധാവികൾ ബന്ധപ്പെട്ട സർക്കാർ വകുപ്പിൽ നിന്ന് വാങ്ങിയെടുത്ത് സർവ്വക ലാശാല ഫണ്ടിൽ അടയ്ക്കുവാൻ വകുപ്പ് മേധാവികളെ ചുമതലപ്പെടുത്തുവാനും പരാമർശം (2) പ്രകാരം ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഒപ്പ്
തുളസീലാൽ ആർ.എൻ
എസ്റ്റേറ്റ് ഓഫീസർ
രജിസ്ട്രാർക്ക് വേണ്ടി

(മറുപുറം)

പകർപ്പ്

1) വിസി/പിവിസി എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ
2) രജിസ്ട്രാർ/പരീക്ഷാ കൺട്രോളർ/ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ മാർ
3) പട്ടികജാതി/പട്ടികവർഗ്ഗ ഗോത്ര കമ്മീഷൻ (ആമുഖക്കത്ത്, റിപ്പോർട്ട് എന്നിവ സഹിതം)
4) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, മഹാത്മാഗാന്ധി സർവ്വകലാശാല
5) എസ്.സ്/എസ്.ടി സെൽ
6) വിവധ പഠനവകുപ്പുകളുടെ തലവൻമാർ
7) ഫൈനാൻസ്/ഓഡിറ്റ് വിഭാഗം
8) ജനറൽ കാഷ് വിഭാഗം
9) പി.ആർ.ഒ
10) സ്റ്റാറ്റിസ്റ്റിക്കൽ യൂണിറ്റ്
11) കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ
12) ഐ.ക്യു.എ.സി
13) റിക്കോഡ്സ് /സ്റ്റോക്ക് ഫയൽ/ഫയൽ കോപ്പി/ഡേഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

റഫറൻസ്: എഡി.ബി VII /അഡ്മിൻ/2/17